**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം - ഇടുക്കി ഉടുമ്പഞ്ചോല സർക്കാർ ആയുർവേദ കോളേജിൽ 50 കിടക്കകളോട്ടു കൂടി IP ചികിത്സ ആരംഭിക്കുന്നതിനുള്ള അനുമതിയും താൽക്കാലിക കെട്ടിടത്തിന്റെ Carpet Area നിശ്ചയിച്ചും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.122/2026/AYUSH തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. ജി.ഒ.(എം.എസ്) നം. 1/2022/PWD തീയതി 10.01.2022
2. ജി.ഒ.(ആർ.ടി) നം. 402/2025/ആയുഷ് തീയതി 29.07.2025
3. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 27.01.2026 ലെ G1/2260/2018/DAME (2) നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി താത്കാലിക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടക്കത്തിൽ 50 കിടക്കകളുള്ള ആശുപത്രി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ IP ചികിത്സ ആരംഭിക്കുന്നതിനായി പഞ്ചായത്ത് കണ്ടെത്തിയിട്ടുള്ള സ്വകാര്യ വ്യക്തിയുടെ താത്കാലിക കെട്ടിടം ലീസിനു ലഭിക്കുന്നതിനായി കെട്ടിട ഉടമസ്ഥനുമായി ധാരണയിലെത്തുവാൻ ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ ചുമതലപ്പെടുത്തിയിരുന്നു.

കോളേജ് ആശുപത്രിയുടെ താൽക്കാലിക കെട്ടിടത്തിന്റെ വാടക സംബന്ധിച്ച് കെട്ടിട ഉടമസ്ഥനുമായി ധാരണയിലായതിനാൽ Rent Committee -യിൽ വച്ച് rent fix ചെയ്യുന്നതിന് മുമ്പായി IP ചികിത്സ ആരംഭിക്കുന്നതിന് ആവശ്യമായിവരുന്ന കെട്ടിടത്തിന്റെ Carpet Area പരാമർശം (1) പ്രകാരം അംഗീകരിക്കുന്നതിനും കോളേജ് ആശുപത്രിയിൽ IP ചികിത്സ

ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത ആശുപത്രിയുടെ IP ചികിത്സ ആരംഭിക്കുന്നതിനായി 2360 sq.mt Carpet area ആവശ്യമാണെന്നും ഡയറക്ടർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ഉടുമ്പൻചോല സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 50 കിടക്കകളോട് കൂടിയ IP ചികിത്സ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയും IP ചികിത്സ ആരംഭിക്കുന്നതിനായി പഞ്ചായത്ത് കണ്ടെത്തിയിട്ടുള്ള താൽക്കാലിക കെട്ടിടത്തിന്റെ Carpet area 2360 sqmt ആവശ്യമാണെന്ന ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം അംഗീകരിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, ഇടുക്കി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ, തിരുവനന്തപുരം

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡോ. അൻസാരി പി.വൈ, സ്പെഷ്യൽ ഓഫീസർ, സർക്കാർ ആയുർവേദ കോളേജ്, ഉടുമ്പഞ്ചോല ,ഇടുക്കി

സെക്രട്ടറി, ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്, ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുമരാമത്ത് (ഇ) വകുപ്പ്

ആയുഷ് (ബി) വകുപ്പ്

വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 04-03-2026 15:24:28
സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്